പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5640 — 27.03.2018-ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന വകുപ്പിന്റെ മാതൃക കേന്ദ്രങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എൻ. വിജയൻ പിള്ള<br>ശ്രീ. ആന്റണി ജോൺ | | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുള്ള പരിശോധനകൾ ഫലപ്രദമാക്കുന്നതിന് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികൾ അറിയിക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനായി ഓൺ ലൈൻ ആപ്ലിക്കേഷൻ സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതു കൂടാതെ വാഹനങ്ങളുടെ നികുതി ഇ-പേയ്മെന്റ് വഴി ഒടുക്കുന്നതിനുള്ള സംവിധാനവും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഓഫീസ് തല പരിശോധനകൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനായി ഒരു ഇന്റേണൽ ഓഡിറ്റ് വിംഗും, മേഖലാതല ഡി.റ്റി.സി മാരുടെ കീഴിലായി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു ഇൻസ്പെക്ഷൻ ടീമും, സീനിയർ ഡി.റ്റി.സി. (ടാക്സ്)-യുടെ നേതൃത്വത്തിൽ ഒരു ഇന്റേണൽ വിജിലൻസ് ടീമും കാര്യക്ഷമമായുള്ള രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. |
| (ബി) | ഇതിനായി പരിശോധനകളും സർട്ടിഫിക്കേഷനുകളും കുറ്റമറ്റ നിലയിൽ നടത്തുന്നതിന് മാതൃക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മാതൃക കേന്ദ്രങ്ങൾ നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതെന്നും അറിയിക്കുമോ? | (സി) | Computerized Vehicle Testing Station (CVTS), Computerized Driver Testing Track (CDTT) എന്നീ സംവിധാനങ്ങൾ വാഹനങ്ങളുടെ ഫിറ്റ് നെസ്സ് പരിശോധിക്കാനും, ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനും സംസ്ഥാനത്തെ നാല് ഓഫീസുകളിൽ (കോഴിക്കോട്, കണ്ണൂർ, പാറശ്ശാല, തിരുവനന്തപുരം) പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മറ്റ് രണ്ട് സ്റ്റേഷനുകളിൽ (ഉഴവൂർ, മൂവാറ്റുപുഴ) ഇവ പ്രവർത്തനസജ്ജമായിട്ടുണ്ട്. പുതിയതായി അഞ്ച് സ്ഥലങ്ങളിൽ (കാസർഗോഡ്, തളിപ്പറമ്പ്, തൃപ്പൂണിത്തുറ, പൊന്നാനി, മട്ടാഞ്ചേരി) പ്രസ്തുത കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.<br><br>ബാക്കിയുള്ള 62 ആഫീസുകളിൽ അനുയോജ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് സ്വകാര്യ പങ്കാളിത്തത്തോടെ (PPP model) പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി ടെണ്ടർ നടപടികൾ KITCO-യെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ